(എ) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിച്ചു;

(ബി) കോർപ്പറേഷന്റെ ആസ്ഥാനം എവിടെയാണ്?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. എം. അബൂബക്കർ):

(എ) 1975 മുതൽ.

(ബി) രജിസ്ട്രേഡ് ആഫീസ് തിരുവനന്തപുരത്താണ്.

ഇതര സംസ്ഥാനങ്ങൾക്ക് വിൽക്കുന്ന ഇലക്ട്രിസിറ്റി

*589 (639) ശ്രീ. കെ. കൃഷ്ണൻകുട്ടി:
,, പി. സി. ജോർജ്:
,, എം. പി. ഹംസ:
,, കെ. ശങ്കരനാരായണൻ:
,, കെ. കെ. ബാലകൃഷ്ണൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എ. എൽ. ജേക്കബ്:
,, എം. ആർ. രഘുചന്ദ്രബാൽ:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, എൻ. സുന്ദരൻ നാടാർ:
,, മണിമംഗലത്ത് കുട്ട്യാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിലേക്ക് ഇലക്ട്രിസിറ്റി വിൽക്കുന്ന വകയിൽ ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) ഇലക്ട്രിസിറ്റി ചോർത്തിയെടുക്കുന്നതായി എന്തെങ്കിലും പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) 1980 ഫെബ്രുവരി മുതൽ 1981 മേയ് വരെ ഉദ്ദേശം 124 ലക്ഷം രൂപ ചെലവായിട്ടുണ്ട്. അന്തർ സംസ്ഥാന ലൈനുകൾ കേന്ദ്രആവിഷ്കൃത (Centrally Sponsored) പദ്ധതിയാണ്.

(ബി) ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെ പരിശോധനകളിൽ വിദ്യുച്ഛക്തി ചോർത്തിയെടുക്കുന്നതായി കാലാകാലങ്ങളിൽ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അതിൻമേൽ തക്കതായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1